# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020ഓഗസ്റ്റ് 14

# വാർത്താക്കുറിപ്പ്

## എം.ജിയിൽ സ്വാതന്ത്ര്യദിനാഘോഷം

രാജ്യത്തിന്റെ എഴുപത്തിനാലാമത് സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി ഇന്ന് (ഓഗസ്റ്റ് 15) മഹാത്മാഗാന്ധി സർവകലാശാലയിൽ ആഘോഷങ്ങൾ നടക്കും . രാവിലെ ഒമ്പതിന് സർവകലാശാല ഭരണവിഭാഗം അങ്കണത്തിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ദേശീയപതാകയുയർത്തും . കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തല ത്തിൽ സർക്കാർ നിർദേശങ്ങൾ കർശനമായി പാലിച്ചാണ് ആഘോഷം. പൊതുജനങ്ങൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവരെ ചടങ്ങിൽ പങ്കെടുപ്പിക്കില്ല . സാമൂഹിക അകലം പാലിച്ചും ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ പാലിച്ചുമാണ് ആഘോഷപരിപാടി നടക്കുക.

(പി.ആർ.ഒ/39/809/2020)

## ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടന: ആരോപണങ്ങൾ അടിസ്ഥാനരഹിതം

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ് കൂൾ ഓഫ് ലെറ്റേഴ് സിലെ പി .ജി. ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് അറിയിച്ചു . സർവകലാശാലയുടെ പഠനവകുപ്പായ സ് കൂൾ ഓഫ് ലെറ്റേഴ് സിലെ പി .ജി. ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടിപ്പിച്ചത് മഹാത്മാഗാന്ധി സർവകലാശാല നിയമം 1985 ലെ അനുഛേദം 28(1എ) പ്രകാരമാണ്. പതിനൊന്നംഗ ബോർഡാണ് പുനഃസംഘടിപ്പിച്ചത് . പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ് എന്നത് പൂർണമായും അക്കാദമിക സമിതിയാണ് . 1997ലെ സ്റ്റാറ്റിയൂട്ടിലെ ചാപ്റ്റർ 12 ലെ അനുച്ഛേദം 5 പ്രകാരമുള്ള യോഗ്യത അനുസരിച്ച് ഇതേ ചാപ്റ്ററിലെ അനുഛേദം 4 പ്രകാരം ചാൻസിലറായ കേരള ഗവർണറാണ് അംഗങ്ങളെ നാമനിർദേശം ചെയ്യുന്നത് . ചാപ്റ്റർ 12 ലെ അനുഛേദം 5 പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് അംഗമാകാനുള്ള യോഗ്യതയിൽ ബോർഡിന്റെ വിഷയവുമായി ബന്ധപ്പെട്ട പ്രത്യേക അറിവുള്ളവരെ നിയോഗിക്കാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (or has special knowledge in the subject or one of the subjects with which the board is concerned ). മഹാത്മാഗാന്ധി സർവകലാശാല നിയമം 1985 ലെ അനുഛേദം 28(1എ) (സി) അനുസരിച്ച് സ്റ്റാറ്റിയൂട്ടിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നതിന് ചാൻസിലർക്ക് അധികാരം നൽകിയിട്ടുണ്ട്.

ഇതനുസരിച്ചാണ് മലയാള സാഹിത്യത്തിലെ പ്രമുഖ സാഹിത്യകാരിയായ കെ .ആർ. മീരയെ ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് നിയോഗിക്കുന്നതിന് സർവകലാശാല നിർദേശിച്ചതും ചാൻസിലർ നോമിനേറ്റ് ചെയ്തതും . കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് , കേരള സാഹിത്യ അക്കാദമി അവാർഡ് , ഓടക്കുഴൽ അവാർഡ് , വയലാർ അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾക്ക് അർഹയായതും മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ചും സ് കൂൾ ഓഫ് ലെറ്റേഴ് സിന്റെ അക്കാദമിക മികവിന് കരുത്തേകാൻ സാന്നിധ്യം പ്രയോജനപ്പെടുമെന്നുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് കെ.ആർ. മീരയുടെ പേര് ചാൻസിലറുടെ പരിഗണനയ്ക്ക് സർവകലാശാല സമർപ്പിച്ചത് . ഇതിന്റെ അടിസ്ഥാനത്തിൽ ചാൻസിലറാണ് നോമിനേ റ്റ് ചെയ്തത്. ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയിൽ

സംസ്ഥാനസർക്കാരിന്റെ ഇടപെടൽ ഉണ്ടാകാറില്ല . സ്റ്റാറ്റിയൂട്ടും സർവകലാശാല നിയമവും അനുസരിച്ച് യോഗ്യതമാത്രം പരിഗണിച്ചാണ് ബോർഡിലേക്ക് ചാൻസലർ അംഗങ്ങളെ നോമിനേറ്റ് ചെയ്യുക. സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ഈ ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയും നിയമപരമായാണ് നടന്നിട്ടുള്ളത് . സർവകലാശാല പേരുകൾ നേരിട്ട് ചാൻസലറുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത് . ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധമില്ല.

സാഹിത്യപഠന മേഖലയിലെ മികച്ച സ്ഥാപനമായി സ് കൂൾ ഓഫ് ലെറ്റേഴ് സിന്റെ ഉയർത്തുക ലക്ഷ്യമിട്ടാണ് ജ്ഞാ നപീഠം ജേതാവും പ്രമുഖ സാഹിത്യകാരനുമായിരുന്ന പ്രൊഫ . യു.ആർ. അനന്തമൂർത്തിയുടെ നേതൃത്വത്തിൽ 1988ൽ സ് കൂൾ സ്ഥാപിച്ചത് . എക്കാലവും സാഹിത്യരംഗവുമായി അഭേദ്യമായ ബന്ധം പുലർത്തുന്ന പഠനവകുപ്പാണ് സ് കൂൾ ഓഫ് ലെറ്റേഴ് സ്. മലയാളം, ഇംഗ്ലീഷ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗമായിരിക്കാൻ മലയാള സാഹിത്യത്തിൽ തന്റേതായ വ്യ ക്തിമുദ്ര പതിപ്പിച്ച കെ .ആർ. മീര യോഗ്യയാണ് . സാഹിത്യരംഗത്തെ പ്രമുഖർ വിവിധ കാലഘട്ടങ്ങളിൽ സ് കൂൾ ഓഫ് ലെറ്റേഴ് സിന്റെ ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗമായിരുന്നിട്ടുണ്ട്.

തമിഴ്നാട് ഗാന്ധിഗ്രാം യൂണിവേഴ് സിറ്റിയിൽനിന്ന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ കെ .ആർ. മീര ബ്രിട്ടീഷ് ചീവ്നിങ് സ്കോളർഷിപ്പിന്റെ ഭാഗമായി ലണ്ടനിലെ വെസ്റ്റ്മിൻസ്റ്റർ സർവകലാശാലയിൽ ഉപരിപരിശീലനവും അമേരിക്കയിലെ പെൻസിൽവാനിയ സർവകലാശാലയുടെ സെന്റർ ഫോർ അഡ് വാൻസ്ഡ് സ്റ്റഡീസ് ഇൻ ഇന്ത്യയിൽ 'വിസിറ്റിങ് ഫെലോഷിപ്പും ' മണിപ്പാൽ സർവകലാശാലയുടെ 'റൈറ്റർ ഇൻ റസിഡൻസ് ' ഫെലോഷിപ്പും നേടിയിട്ടുണ്ട്.

സർവകലാശാല നിയമവും സ്റ്റാറ്റിയൂട്ടും അനുസരിച്ച് നിയമപരമായി , യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ബോർഡിലേക്ക് കെ.ആർ. മീര നോമിനേറ്റ് ചെയ്യപ്പെട്ടത് . സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകരെക്കൂടാതെ എക് സ്റ്റേണൽ എക് സ്പെർട്ട് എന്ന നിലയിൽ ഡോ . പി.പി. രവീന്ദ്രൻ, ഡോ. ഉമർ തറമേൽ , സി. ഗോപൻ എന്നിവരും അംഗങ്ങളാണ് . 'രാഷ്ട്രീയ നോമിനിയാണ് ', ഉന്നതവിദ്യാഭ്യാസ വകുപ്പ് ഇടപെട്ടു' എന്നതടക്കമുള്ള ആരോപണങ്ങൾ വസ്തുത വിരുദ്ധമാണ്.

(പി.ആർ.ഒ/39/810/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ